(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റിയും ജലനിധിയും മുഖേന സർക്കാർ/എയിഡഡ് ഉൾപ്പെടെ 956 ഗ്രാമീണ സ്കൂളുകൾ/അംഗൻവാടികൾ എന്നിവയ്ക്കുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇല്ല. നാളിതുവരെ 2017 ഗ്രാമീണ സർക്കാർ/എയിഡഡ് സ്കൂളുകൾ അംഗൻവാടികൾ എന്നിവയ്ക്ക് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും കുടിവെള്ളം നൽകുന്നതു സംബന്ധിച്ച് നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

ദേശീയപാത വികസനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച പാക്കേജ്

23 (*83) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിനായി ഭൂമി ഒഴിപ്പിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സർവ്വകക്ഷി തീരുമാനപ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച പാക്കേജിന്റെ വിശദാംശം നൽകുമോ ;

(ബി) പാക്കേജ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) ദേശീയപാത വികസന പദ്ധതി വൈകാതെ നടപ്പാക്കുന്നതിനായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കമ്പോളവില നൽകുക, വീടും വാണിജ്യസ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ തൊട്ട് പിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യസ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്ന രഹിതമായി സ്ഥലമേറ്റെടുപ്പ് പ്രക്രിയ നടത്തുക, ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോംപ്ലക്സ്/ വീട് എന്നിവ നിർമ്മിച്ച് നൽകുക, സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പ് വർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവുംകൂടി ചേർത്ത് കെട്ടിട വിലനിർണ്ണയിക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയും ചെയ്യുക, വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോളവിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക, സ്ഥലമെടുപ്പ് കാരണം തൊഴിൽ രഹിതരാകുന്നവർക്ക് Industrial Dispute Act പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക, സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി താമസിക്കുന്നവർക്കും ചെറിയ കച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധിവാസത്തിനായി ഒരു ലക്ഷം രൂപയും നൽകുകയും തൊഴിൽ നഷ്ട പ്പെടുന്നവർക്ക് 6 മാസത്തേക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക, പൊളിച്ചുമാറ്റപ്പെടേണ്ടിവരുന്ന ആരാധനാലയങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുക തുടങ്ങി സമഗ്രമായ ഒരു പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

(ബി) ദേശീയപാതാ ആക്ടനുസരിച്ചുള്ള നഷ്ടപരിഹാരം മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) കേന്ദ്ര നിർദ്ദേശം സർവ്വകക്ഷിയോഗത്തിൽ ചർച്ച ചെയ്ത് യുക്തമായ തീരുമാനം എടുക്കുന്നതാണ്.

അണക്കെട്ട് നവീകരണ പദ്ധതി

24 (*84) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഡാം പുനരുദ്ധാരണ നവീകരണ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം ഡാമുകളുടെ നവീകരണമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) പദ്ധതി എത്ര വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly